**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5702** | **16-03-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തിയായ എത്ര വാഹനങ്ങളുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തിയായ 5718 വാഹനങ്ങളാണുള്ളത്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ വിട്ടു നൽകുന്നതിനോ ലേലം ചെയ്തു നൽകുന്നതിനോ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ബി) | സർക്കാർ പുറപ്പെടുവിച്ച 11.09.2018 ലെ സ.ഉ(പി)60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്തു വരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപ്പിച്ച് നൽകി 14.11.2022 തീയതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ